**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 411** **28-06-2022 - ൽ മറുപടിയ്ക്ക്**

**കടപ്പത്രങ്ങൾ വഴി സമാഹരിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ കടപ്പത്രം വഴി എത്ര കോടി രൂപ കടം എടുക്കാനാണ് റിസർവ്വ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന അനുമതിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ കടപ്പത്രങ്ങൾ വഴി കടമെടുക്കുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 120 കടപ്പത്രങ്ങൾ വഴി 132439 കോടിരൂപ സമാഹരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ നാളിതുവരെ എത്ര കടപ്പത്രങ്ങൾ വഴി എത്ര കോടി രൂപ സമാഹരിച്ചു; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന അനുമതിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ കടപ്പത്രങ്ങൾ വഴി കടമെടുക്കുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 120 കടപ്പത്രങ്ങൾ വഴി 132439 കോടിരൂപ സമാഹരിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം കടമെടുക്കുന്ന തുക റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ചിട്ടുണ്ടോ; കടപ്പത്രം പുറപ്പെടുവിക്കുമ്പോൾ പറഞ്ഞിരുന്ന ആവശ്യം എന്തായിരുന്നു; വ്യക്തമാക്കാമോ; | (സി) | വായ്പയെടുത്ത തുക പൂർണ്ണമായും ആസ്തി വികസനപ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് അഭികാമ്യമായിട്ടുള്ളത്. എന്നാൽ റവന്യൂകമ്മി ഇല്ലാതായാലെ ഇത് സാദ്ധ്യമാകൂ. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. കടമെടുക്കുന്ന ചെറിയൊരു ഭാഗം നിത്യ നിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറിയ പങ്കം വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വിദേശ ഏജൻസികൾ മറ്റ് കേന്ദ്ര ഏജൻസികൾ എന്നിവയിൽ നിന്നും എത്ര തുക വായ്പയായി സ്വീകരിച്ചിട്ടുണ്ട് ; ഓരോ | (ഡി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ നാളിതു വരെ വിവിധ വിദേശ സഹായ ഏജൻസികൾ മുഖേന ലഭ്യമായ വായ്പകളുടേയും |

| | | | |
|---|---|---|---|
| | ഏജൻസിയിൽ നിന്നും എത്ര രൂപ വീതമെന്നും അവയുടെ തിരിച്ചടവ് തുടങ്ങുന്നത് എന്നാണെന്നും പലിശ നിരക്ക് എത്ര ശതമാനമാണെന്നും സബ്സിഡികൾ ലഭ്യമാണോയെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കാമോ; | | പദ്ധതികളുടേയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>ഈ വായ്പകളുടെ തിരിച്ചടവ് തുടങ്ങുന്നത് സാധാരണയായി വായ്പ ലഭിച്ച് 3-4 വർഷങ്ങൾക്ക് ശേഷമാണ്. വായ്പകളുടെ നിബന്ധനകൾക്ക് വിധേയമായി പലിശ നിരക്കിലും വ്യതിയാനം സംഭവിക്കും. ചില പദ്ധതികളിൽ ചെറിയ തുക ഗ്രാന്റായി ലഭിക്കും. |
| (ഇ) | സംസ്ഥാന വായ്പയുടെ പലിശയും മുതലും ഇനത്തിൽ പ്രതിവർഷം എന്ത് തുക തിരിച്ചടവുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം പൊതുകടമിനത്തിലുള്ള സംസ്ഥാന വായ്പയുടെ 2021-22 സാമ്പത്തിക വർഷത്തിലെ മുതലിനത്തിലെ തിരിച്ചടവും പലിശയും യഥാക്രമം 13025.51 കോടി രൂപയും, 15792.68 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ

## EAP Amount Received from the Financial Year 2021-22 to as on date

| Sl.No. | Agency | Scheme/Project Name | Amount (Rs.in Lakhs) |
|---|---|---|---|
| 1 | GODE, GERMANY | Climate Friendly Urban Mobility Integrated Water Transport, Kochi | 10401.10 |
| | | Climate Resilient Reconstruction after flooding in Kerala Phase I | |
| | | Climate Resilient Reconstruction after flooding in Kerala Phase II | |
| 2 | IBRD | Addl. Financing for Dam Rehabilitation & Improvement Project | 45938.87 |
| | | Second Kerala State Transport Project II | |
| | | Second Dam Rehabilitation & Improvement Project | |
| | | The Resillient Kerala Programme | |
| 3 | International Development Association (IDA) | Dam Rehabilitation & Improvement Project | 553.24 |
| 4 | AIIB | The Resillient Kerala Programme | 6111.06 |
| | TOTAL | | 63004.27 |